**DE-1/2023/112** **(Pages : 6)**

Maximum : 100 marks

Time : 2 hours

1. ഇടയ്ക്ക് വിട്ടുപോയ ശരിയായ വാക്ക് ബ്രാക്കറ്റിൽ നിന്നും തെരഞ്ഞെടുത്ത് പൂരിപ്പിക്കുക :

(a) ശിവദാസന്റെ മകളുടെ വിവാഹത്തിന് എനിക്ക് ———— ഉണ്ട്.

(ക്ഷണം, ക്ഷണനം)

(b) വേദിയിലും സദസ്സിലുമുള്ള ———— ഗുരുജനങ്ങളെ

(ആധരണീയരായ, ആദരണീയരായ)

(c) ഗാന്ധിയൻ ആദർശങ്ങളുടെ ———— രൂപമാണ് ഞങ്ങൾ അവിടെ കണ്ടത്.

(മൂർത്ത, സമൂർത്ത)

(d) ഓരോന്നിന്റെയും ———— പരിശോധന നടത്തേണ്ടിയിരിക്കുന്നു.

(സൂക്ഷ്മ, സസൂക്ഷ്മ)

(e) ———— ഇല്ലാത്തതിനാൽ രാത്രിയിൽ പഠിയ്ക്കാൻ കഴിയുന്നില്ല.

(വിദ്യുച്ഛക്തി, വിദ്യുശ്ചക്തി)

(f) ———— യ്ക്ക് ഉചിതമായ ഉദാഹരണമാണ് പുരാണത്തിലെ ശീലാവതി.

(പതിവൃത, പതിവ്രത)

(g) എന്റെ അഭിമാനത്തിന് ———— വരാതെ നിങ്ങൾ നോക്കണം.

(ലോഭം, ലോപം)

(h) ———— അധ്വാനിച്ചാണ് ഞാൻ ഈ കോലത്തിലായത്.

(രാപ്പകൽ, രാപകൽ)

**[P.T.O.]**

(i) ഹരിശ്രീ ————— നമഃ

(ഗണപതയെ, ഗണപതയേ)

(j) പഠനത്തിൽ ————— നില്ക്കുന്ന കുട്ടികൾക്ക് പരിഹാരബോധനം നല്കാൻ അദ്ധ്യാപകർ തയ്യാറാകണം.

(പിന്നോക്കം, പിന്നാക്കം)

**(10 × 1 = 10 Marks)**

2. താഴെ നല്കിയിട്ടുള്ള ഗദ്യഭാഗം വായിച്ച് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലുള്ള പെരുംകുളം ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ബാപ്പുജി സ്മാരകവായനശാലയുടെ നേതൃത്വത്തിൽ 2017 ജനുവരി 1 ന് കേരളത്തിലാദ്യമായി ഒരു പൊതുസ്ഥലത്ത് - പെരുംകുളം റേഡിയോജംഗ്ഷനിൽ - ഒരു പുസ്തകക്കൂട് സ്ഥാപിക്കപ്പെട്ടു. ആർക്കുവേണമെങ്കിലും എപ്പോൾ വേണമെങ്കിലും പുസ്തകങ്ങൾ എടുത്തു വായിക്കാൻ കഴിയുന്ന ഈ സംരംഭത്തിന് പ്രചോദനമായത് അന്താരാഷ്ട്രതലത്തിൽ പ്രവർത്തിക്കുന്ന ലിറ്റിൽ ഫ്രീ ലൈബ്രറി ഫൌണ്ടേഷനാണ്. ഇവിടെ പുസ്തകം എടുത്തുകൊടുക്കാനോ വരിസംഖ്യ പിരിക്കാനോ ആരും ഇല്ല. ഒരു പുസ്തകം എടുക്കണമെങ്കിൽ പകരം ഒരു പുസ്തകം വയ്ക്കണം എന്ന നിബന്ധനയുണ്ട്. ഈ പദ്ധതിയുടെ വിജയത്തെ പിന്തുടർന്ന് ഗ്രാമത്തിന്റെ എല്ലാ ജംഗ്ഷനുകളിലും വായനശാല പുസ്തകക്കൂടുകൾ സ്ഥാപിച്ചു. വായിക്കാനോ ഗ്രഹിക്കുന്നവർക്ക് പുസ്തകം അനായാസമായി ലഭ്യമാക്കുന്ന ഈ പദ്ധതിയെ മാതൃകയാക്കി സംസ്ഥാന ഹയർ സെക്കന്ററി വിദ്യാഭ്യാസവകുപ്പിനു കീഴിലുള്ള നാഷണൽ സർവ്വീസ് സ്കീം യൂണിറ്റ്, കേരളത്തിലെ അയ്യായിരത്തോളം സ്കൂളുകളിൽ പുസ്തകക്കൂടുകൾ സ്ഥാപിച്ചത് ബാപ്പുജി വായനശാലയുടെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി. വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ ഗ്രന്ഥശാല നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ മികവുകൾ കണ്ടറിഞ്ഞ മലയാളത്തിന്റെ പ്രിയ കഥാകാരനും ജ്ഞാനപീഠപുരസ്കാരജേതാവുമായ ശ്രീ. എം.ടി. വാസുദേവൻ നായർ 2020-ലെ വായനാദിനത്തിൽ പെരുംകുളത്തെ പുസ്തകഗ്രാമമായി പ്രഖ്യാപിച്ചു. തുടർന്ന് ഗ്രന്ഥശാലസംഘം നല്കിയ റിപ്പോർട്ട് പരിശോധിച്ച സംസ്ഥാന സർക്കാർ കേരളത്തിലെ ആദ്യപുസ്തകഗ്രാമമായി പെരുംകുളത്തെ പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവിറക്കി. അതിന്റെ ഔദ്യോഗിക പ്രഖ്യാപനം 2021 ജൂൺ 19 നി ബഹു. കേരളാമുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു.

(a) കേരളത്തിലെ ആദ്യ പുസ്തകഗ്രാമമായ പെരുംകുളം സ്ഥിതിചെയ്യുന്ന ജില്ല.

(b) പെരുംകുളത്തെ പുസ്തകഗ്രാമമായി ആദ്യം പ്രഖ്യാപിച്ച എഴുത്തുകാരൻ.

(c) കേരളത്തിൽ ആദ്യമായി പൊതുസ്ഥലത്ത് പുസ്തകക്കൂട് സ്ഥാപിക്കപ്പെട്ട വർഷം.

(d) കേരളത്തിലെ ആദ്യപുസ്തക ഗ്രാമമായി പെരുംകുളത്തെ ഔദ്യോഗികമായി പ്രഖ്യാപിച്ച വർഷം.

(e) കേരളത്തിലെ ആദ്യപുസ്തകഗ്രാമമായി പെരുംകുളത്തെ ഔദ്യോഗികമായി പ്രഖ്യാപിച്ചതാര്?

(f) പുസ്തകക്കൂടുകൾക്ക് പ്രചോദനമായ അന്താരാഷ്ട്രസംഘടന.

(g) പുസ്തകഗ്രാമത്തെ വാർത്തെടുത്ത കൊട്ടാരക്കര താലൂക്കിലെ വായനശാല.

(h) ഹയർസെക്കന്ററി നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ കേരളത്തിൽ സ്ഥാപിക്കപ്പെട്ട പുസ്തകക്കൂടുകളുടെ ഏകദേശ എണ്ണം.

(i) പുസ്തകഗ്രാമം സ്ഥിതിചെയ്യുന്ന താലൂക്ക്.

(j) ഈ ലേഖനത്തിന് ഉചിതമായ തലക്കെട്ട് നല്കുക.

**(10 × 1 = 10 Marks)**

3. മൂന്നിലൊന്നായി സംഗ്രഹിക്കുക :

ടി.എൻ. ശേഷൻ ഒരു മാനേജ്മെന്റ് സെമിനാറിൽ പറഞ്ഞ ഒരു അനുഭവകഥയുണ്ട്.

അദ്ദേഹം മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണറായി ഇരിക്കുമ്പോൾ ഒരു വിനോദയാത്രയ്ക്കായി ഭാര്യയുമൊത്ത് ഉത്തർപ്രദേശത്തിലൂടെ യാത്ര ചെയ്യുകയായിരുന്നു. പോകും വഴിയിൽ ഒരു വലിയ മാവിൻ തോട്ടത്തിൽ നിറയെ തൂക്കണാംകുരുവിയുടെ കൂടുകൾ, ഇത് കണ്ട് അവരവിടെ ഇറങ്ങി. കൂട്ടത്തിൽ ഭാര്യയ്ക്കൊരാഗ്രഹം, ഇതിൽ രണ്ടുകൂടുകൾ വീട്ടിൽ വയ്ക്കാൻ വേണം.

തോട്ടത്തിൽ പശുക്കളെ മേയ്ച്ച് നിന്ന ഒരു ബാലകനെ പോലീസുകാർ വിളിച്ച് ആവശ്യം അറിയിച്ചു. ടി.എൻ. ശേഷൻ അവന് 10 രൂപ കൊടുക്കാമെന്നായി. അവൻ പറ്റില്ലാ എന്ന് പറഞ്ഞു. എന്നാൽ 50 രൂപ തരാമെന്നായി ശേഷൻ.

പോലീസ് അവനെ നിർബന്ധിച്ചു. "വലിയ സാറാണ് ചെയ്തു കൊടുക്കണം." ഉടൻ അവൻ ശേഷനോടും ഭാര്യയോടും പറഞ്ഞു, "എന്ത് തന്നാലും ഞാനത് ചെയ്യില്ല സാബ്ജി. ആ കൂടിനുള്ളിൽ കിളിയുടെ കുഞ്ഞുങ്ങൾ ഉണ്ടാവും, ഞാനിത് സാബിന് തന്നാൽ വൈകുന്നേരം അതിന്റെ അമ്മക്കിളി കുഞ്ഞിനുള്ള ഭക്ഷണവുമായി വരും, കുഞ്ഞുങ്ങളെ കണ്ടില്ലെങ്കിൽ അത് കരയും, അത് എനിക്ക് കാണാൻ വയ്യ." ഇതുകേട്ട് ശേഷനും ഭാര്യയും ഞെട്ടിപ്പോയി.

ശേഷൻ പറയുന്നു : "എന്റെ സ്ഥാനങ്ങളും ഐ.എ.എസും ആ കാലിമേയ്ക്കുന്ന കൊച്ചു ബാലകനു മുന്നിൽ ഉരുകി ഇല്ലാതായി. ഒരു കടുകുമണിയോളം ചെറുതായി ഞാനവന്റെ മുന്നിൽ. ആഗ്രഹം ഉപേക്ഷിച്ച് തിരികെ വന്ന ശേഷനെ ദിവസങ്ങളോളം കുറ്റബോധം വേട്ടയാടി. വിദ്യാഭ്യാസവും സ്യൂട്ടും കോട്ടും ഒരിക്കലും മാനവികതയുടെ അളവുകോലല്ല.

അറിവ് എന്നതിനർത്ഥം പ്രകൃതിയെ അറിയുക എന്നതാണ്. ഒരുപാട് വിവരശേഖരണം കൊണ്ട് നമ്മൾ ഒന്നും മനസ്സിലാക്കുന്നില്ല. ജീവിതം സന്തോഷകരമാക്കുന്നത് അറിവാണ്, ബോധമാണ്, വിവേകമാണ്."

ഓർമ്മിക്കുക ! വിദ്യാഭ്യാസവും കോട്ടും സ്യൂട്ടുമൊന്നമല്ല മാനവികതയുടെ അളവുകോൽ! ജീവിതം സന്തോഷകരമാക്കുന്നത് അറിവാണ്, ബോധമാണ്, വിവേകമാണ്.

സമ്പാദകൻ : ജനാർദ്ദനൻ നമ്പ്യാർ
കടപ്പാട് : എം.എൻ. കാരശ്ശേരി

**(1 × 10 = 10 Marks)**

4. താഴെ നല്കിയിരിക്കുന്ന വരികളുടെ അർത്ഥം/ആശയം വ്യക്തമാക്കുക.

(a) കാരസ്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരേ കയ്പ്പ് ശമിപ്പതുണ്ടോ (കുഞ്ചൻ നമ്പ്യാർ)

(b) ഒരുറുമ്പിനെ ഞാൻ ഞെരിയ്ക്കുകിൽ
കനിവാർന്നമ്മ തടഞ്ഞുചൊല്ലിടും
മകനേ നരകത്തിലെണ്ണയിൽ
പൊരിയും നീ പരപീഡ ചെയ്യൊലാ (ബാലചന്ദ്രൻ ചുള്ളിക്കാട്)

(c) ഹന്ത പഴകിയശീലം പോലൊരു
ബന്ധനമുണ്ടോ ലോകത്തിൽ (വൈലോപ്പിള്ളി)

(d) വെളിച്ചം ദുഃഖമാണുണ്ണീ
തമസ്സല്ലോ സുഖപ്രദം (അക്കിത്തം)

(e) തേടിയ വള്ളി കാലിൽ ചുറ്റി (പഴഞ്ചൊല്ല്)

**(5 × 2 = 10 Marks)**

5. കഥ വികസിപ്പിച്ച് എഴുതുക :

ഒരു വനമേഖലയിൽ, ഒരു വലിയ മരത്തിൽ സ്വർണ്ണ തൂവലുകൾ ഉള്ള ഒരു പക്ഷി - ഒരു പ്രത്യേക - കാഷ്ഠം സ്വർണ്ണത്തരികളാകുന്നു - ഒരു വേട്ടക്കാരന്റെ കെണിയിൽ ഒരു ദിവസം അത് വീണു - രാജാവിനു കൊടുത്താൽ എന്തെങ്കിലും സമ്മാനം കിട്ടാതിരിക്കില്ല - മന്ത്രി രാജാവിനെ ഉപദേശിച്ചു - ഇത് വിശ്വസിക്കരുത് - രാജാവ് അതിനെ വിട്ടയച്ചു - കൊട്ടാരത്തിന് മുന്നിലുള്ള മരത്തിലിരുന്ന് സ്വർണ്ണത്തരികൾ കാഷ്ഠിച്ചുകൊണ്ട് പക്ഷി പറഞ്ഞു : ഇത് വിഢ്ഢികളുടെ ലോകം.

**(1 × 10 = 10 Marks)**

6. കത്ത് എഴുതുക :

സർക്കാർ ജോലി കിട്ടിയതിലുള്ള സന്തോഷം പങ്കിട്ടുകൊണ്ട് കൂട്ടുകാരന് എഴുതുന്ന മാതൃകയിൽ ഒരു കത്ത് തയ്യാറാക്കുക.

**(1 × 10 = 10 Marks)**

7. ശരിയായ വാക്ക് തെരഞ്ഞെടുക്കുക :

(a) അന്ന് വരെ, അന്നുവരെ

(b) മാന്യരെ, മാന്യരേ

(c) വ്യത്യസ്ഥം, വ്യത്യസ്തം

(d) പ്രീയപ്പെട്ട, പ്രിയപ്പെട്ട

(e) ഐക്യകണ്ഠ്യേന, ഐകണ്ഠ്യേന

(f) കൃത്രിമം, ക്രിത്രിമം

(g) കുട്ടിത്വം, കുട്ടിത്തം

(h) കോപിഷ്ഠൻ, കോപിഷ്ടൻ

(i) ഉടമസ്തൻ, ഉടമസ്ഥൻ

(j) ഉജ്വലം, ഉജ്ജ്വലം

**(10 × 1 = 10 Marks)**

8. 100 വാക്കിൽ കവിയാത്ത വിധം കുറിപ്പ് തയ്യാറാക്കുക.

കഥകളി

**(1 × 10 = 10 Marks)**

9. വിട്ടുപോയ അക്ഷരങ്ങൾ പൂരിപ്പിക്കുക :

(a) അന...രവൻ (ന്തി, ന്ത)

(b) അനു...ഹീതൽ (ഗ്ര, ഗ്യ)

(c) ഐ...കം (ഹീ, ഹി)

(d) കർ...നം (ശ്ശ, ശ)

(e) കവ...യിത്രി (വ, വി)

(f) ദൈവ....കം (വീ, വി)

(g) മ... രി (ജ്ഞ, ഞ്ജ)

(h) മ...യൻ (ഠ, ട)

(i) ശ്രേ...ൻ (ഷ്ഠ, ഷ്ഠ)

(j) സൂ.... (ഷ്മം, ക്ഷ്മം)

**(10 × 1 = 10 Marks)**

10. വിട്ടുപോയ സംഭാഷണഭാഗം പൂരിപ്പിക്കുക :

രാജേഷ് : ഹായ് വിനോദ്.... നിനക്ക് ഇപ്പോഴും എസ്.ബി.ഐയിൽ തന്നെയാണ് ജോലി

വിനോദ് : ....................

രാജേഷ് : ....................

വിനോദ് : കൊച്ചി മെയിൻ ബ്രാഞ്ചിലാണ്. നിന്റെ അച്ഛൻ റിട്ടയർ ആയോ? അമ്മ എന്ത് പറയുന്നു?

രാജേഷ് : ....................

വിനോദ് : ....................

രാജേഷ് : അതെ ഡാ.. ആ ബസ് നാട്ടിലേക്കുള്ളതാ.. ഓ.കെ ബൈ.. ചങ്ങാതി.

**(1 × 10 = 10 Marks)**